## പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 731 — 07.02.2013-ൽ മറുപടിയ്ക്ക്

## ഗുണനിലവാരം കുറഞ്ഞ മരുന്നുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. എ. അസീസ് | ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) ഗുണനിലവാരം കുറഞ്ഞ മരുന്നുകൾ വ്യാപകമാകുന്നത് കണ്ടെത്തുന്നതിനും കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും എന്തൊക്കെ മാർഗ്ഗങ്ങളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | എ) തീവ്രമായ ഗുണനിലവാര പരിശോധന ഉറപ്പാക്കിയശേഷമാണ് ഉല്പാദകർ മരുന്നുകൾ വിപണിയിലെത്തിക്കുന്നത്. എന്നിരുന്നാലും കേരളത്തിൽ വിറ്റഴിക്കുന്ന മരുന്നുകളുടെ ഗുണനിലവാര പരിശോധനയ്ക്കായി ഡ്രഗ്സ് കൺട്രോൾ വകുപ്പ് എല്ലാ ജില്ലകളിലുമുള്ള കടകൾ (ചില്ലറ വ്യാപാരികൾ/മൊത്തവ്യാപാരികൾ), ആശുപത്രികൾ (ഗവൺമെന്റ്/ പ്രൈവറ്റ്) എന്നിവിടങ്ങളിൽ നിന്നും റാൻഡം സാമ്പിളുകൾ ചട്ടപ്രകാരം ശേഖരിച്ച് പരിശോധനയ്ക്കായി സംസ്ഥാന ഡ്രഗ്സ് ടെസ്റ്റിംഗ് ലാബിലേക്ക് അയയ്ക്കാറുണ്ട്. ഗുണനിലവാരം കുറഞ്ഞതായി റിപ്പോർട്ട് ചെയ്യപ്പെടുന്ന മരുന്നുകൾ രണ്ട് വിഭാഗത്തിൽപ്പെടുന്നു. കാറ്റഗറി (എ) ഡിഫക്ട്സും കാറ്റഗറി (ബി) ഡിഫക്ട്സും. മേൽപറഞ്ഞവയിൽ മൈനർ ഡിഫക്ട്സ് വിഭാഗത്തിൽ (കാറ്റഗറി എ) ഗുണനിലവാരം കുറഞ്ഞ മരുന്നു ഉത്പാദകർക്ക് എതിരെ വകുപ്പുതല നടപടികളും മേജർ ഡിഫക്ട്സ് വിഭാഗത്തിൽ (കാറ്റഗറി ബി) ഗുണനിലവാരം കുറഞ്ഞ മരുന്നു ഉത്പാദകർക്ക് എതിരെ നിയമ നടപടികളും സ്വീകരിക്കുന്നുണ്ട്. ഗുണനിലവാരം കുറഞ്ഞതായി റിപ്പോർട്ട് ചെയ്യപ്പെടുന്ന മരുന്നുകളുടെ വില്പന ഉടനടി വകുപ്പ് ഉദ്യോഗസ്ഥർ തടയുന്നുണ്ട്.<br>കൂടാതെ അന്യസംസ്ഥാനങ്ങളിലെ ഡ്രഗ്സ് കൺട്രോൾ വകുപ്പുകൾ പരിശോധന നടത്തി ഗുണനിലവാരം കുറഞ്ഞതായി കണ്ടെത്തിയിട്ടുള്ള മരുന്നുകളുടെ വിശദാംശങ്ങൾ അറിയിക്കുകയും ഇത്തരം മരുന്നുകൾ കേരള വിപണിയിൽ ലഭ്യമാണോ എന്ന് അന്വേഷിച്ച് അതിന്റെ വിപണനം തടയുന്നുമുണ്ട്. |
| ബി) ഗുണനിലവാരം കുറഞ്ഞ മരുന്നുകൾ വിൽക്കുന്ന സ്ഥാപനങ്ങൾക്കെതിരെ എന്തൊക്കെ കർശന നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | ബി)ഗുണനിലവാരം കുറഞ്ഞതായി റിപ്പോർട്ട് ചെയ്യപ്പെടുന്ന മരുന്നുകളുടെ വില്പന തടഞ്ഞ് മരുന്ന് ഉത്പാദകർക്കെതിരെ വകുപ്പുതല/ നിയമ നടപടികൾ സ്വീകരിക്കുന്നുണ്ട്.<br>കൂടാതെ ഇത്തരം മരുന്നുകൾ വിപണിയിൽ ലഭ്യമല്ല എന്നുള്ളത് കർശന പരിശോധനയിലൂടെ ഉറപ്പ് വരുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ